Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുൻസിപ്പൽ കോമൺ സർവ്വീസ് - മൂവാറ്റുപുഴ നഗരസഭ - യു.ഡി.ക്ലർക്ക് ശ്രീ.കെ.എം.ബാവ ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1174/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 27/04/2013

പരാമർശം : 1. 15/12/2008 ലെ ശ്രീ.കെ.എം.ബാവയുടെ അപേക്ഷ
2. നഗരകാര്യഡയറക്ടറുടെ 4/6/2010, 13/9/2011, 3/7/2012, 5/10/2012 എന്നീ തീയതികളിലെ ഇ 3 9370/09 നമ്പർ കത്തുകൾ

## ഉത്തരവ്

മൂവാറ്റുപുഴ നഗരസഭയിൽ യു.ഡി.ക്ളർക്ക് തസ്തികയിൽ ജോലിനോക്കി വരവെ വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി ശ്രീ.കെ.എം.ബാവയ്ക്ക് മൂന്ന് തവണകളിലായി അനുവദിച്ചിരുന്ന 15 വർഷത്തെ ശൂന്യവേതനാവധി 14/3/2009 ന് അവസാനിച്ചതിനാൽ 15/3/2009 മുതൽ വീണ്ടും 18 മാസത്തേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്ന് ശ്രീ.കെ.എം.ബാവ അപേക്ഷിച്ചിരിക്കുന്നു. നഗരകാര്യഡയറക്ടറുടെ പരാമർശം 2 ലെ കത്ത് പ്രകാരം ടിയാന് ശൂന്യവേതനാവധി അനുവദിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.

ശ്രീ.കെ.എം.ബാവയുടെ വിരമിക്കൽ തീയതി 30/11/2012 ആണ്. ആയതിനാൽ വിരമിക്കൽ തീയതിക്ക് 12 മാസം മുമ്പ് സർവ്വീസിൽ തിരികെ പ്രവേശിക്കേണ്ടതായിരുന്നു. കൂടാതെ ടിയാൻ 54 വയസ്സ് പൂർത്തിയാക്കിയത് 19/11/2010 നാണ് എന്നതിനാൽ 20/11/2010 നു ശേഷം ശൂന്യവേതനാവധി അനുവദിക്കാൻ കഴിയില്ല. ജോലിയിൽ യഥാസമയം പുനഃപ്രവേശിക്കാതെ ടിയാൻ 30/11/2012 ന് വിരമിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ ചട്ടം 1 അപ്പന്റിക്സ് 12 എയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നുതവണകളിലായി 15 വർഷക്കാലത്തെ ശൂന്യവേതനാവധി അവസാനിച്ച 14/3/2009 ന് ശേഷം വിരമിക്കൽ തീയതിയായ

30/11/2012 ന് തൊട്ട് മുമ്പ് മാത്രമാണ് ശ്രീ.ബാവ സർവ്വീസിൽ പ്രവേശിക്കുന്നത്. ടി കാലയളവിലെ അനധികൃത ഹാജരില്ലായ്മക്ക് ശ്രീ.കെ.എം.ബാവയ്ക്കെതിരെ ശിക്ഷണനടപടികൾ യഥാസമയം സ്വീകരിക്കാതിരുന്നത് നഗരകാര്യ ഡയറക്ടറുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. എന്നിരുന്നാലും, ടി കാലയളവിൽ സർവ്വീസിൽ പുനഃപ്രവശിപ്പിക്കണമെന്ന അപേക്ഷ Manual for Disciplinary Proceedings ഖണ്ഡിക 53 ഉപഖണ്ഡിക 6 ന്റെ വെളിച്ചത്തിൽ പരിഗണിച്ച് ടിയാൻ തിരികെ സർവ്വീസിൽ പ്രവേശിച്ചതായി കരുതി, ടിയാൻ അനധികൃത ഹാജരില്ലായ്മയിൽ തുടർന്ന 15/3/2009 മുതൽ 29/11/2012 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ശ്രീ.കെ.എം.ബാവയുടെ സേവനപുസ്തകം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, മൂവാറ്റുപുഴ നഗരസഭ
ശ്രീ.കെ.എം.ബാവ, യു.ഡി.സി(റിട്ടയേർഡ്), മൂവാറ്റുപുഴ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**